കളിൽ നിന്നും വ്യത്യസ്തമായി 55/60 ആയി യഥാക്രമം കോളേജിലും സർവ്വകലാശാലകളിലും നിലനിർത്തിയിട്ടുണ്ട്.

(സി) സർവ്വീസ് ദൈർഘ്യം കുറയുന്നതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതാണ്.

(ഡി) 2006 ജനുവരി 1 മുതൽ നൽകാനുള്ള കുടിശ്ശിക കേന്ദ്ര വിഹിതം കിട്ടുന്ന മുറയ്ക്ക് നൽകുന്നതാണെന്ന് പുതിയ സ്കെയിൽ നടപ്പാക്കിയിട്ടുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) പുതുക്കിയ യു.ജി.സി. പദ്ധതി നടപ്പാക്കുന്നതിന് ഇതുവരെ കേന്ദ്ര സഹായം ലഭ്യമായിട്ടില്ല.

(എഫ്) കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

എം. ബി.എ. കോഴ്സുകളുടെ വിശദാംശം

93 (2100) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്വകാര്യ എയിഡഡ് സ്വാശ്രയമേഖലകളിലായി ഏതെല്ലാം സ്ഥലങ്ങളിൽ കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എം.ബി.എ. കോഴ്സുകൾ ഉള്ള കോളേജുകൾ ഉണ്ട് ; ഇവ ഏതെല്ലാം ; ഓരോ കോളേജിലും എത്ര എം.ബി.എ. സീറ്റുകൾ ഉണ്ട് ; ഈ കോളേജുകളിൽ എം.ബി.എ. യ്ക്ക് എത്ര സ്പോർട്ട്സ് കോട്ട സീറ്റുകൾ ഉണ്ട് ; ഓരോ കോളേജിന്റെയും പേരു സഹിതം പൂർണ്ണവിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കോളേജുകളിൽ 2011-12 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനം തുടങ്ങാൻ സമയമായോ ; എം.ബി.എ. പ്രവേശനത്തിന്റെ മാനദണ്ഡ മെന്താണ് ; വിവിധ കോളേജുകളിൽ വിവിധ തരത്തിലാണോ പ്രവേശന മാനദണ്ഡം ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) മേൽപ്പറഞ്ഞ കോളേജുകളിൽ സ്പോർട്ട്സ്/ഗെയിംസിൽ പ്രാവീണ്യം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഒരു നിശ്ചിത ശതമാനം സ്പോർട്ട്സ് കോട്ടാ പ്രവേശനം കൊടുക്കണമെന്ന് യൂണിവേഴ്സിറ്റിയുടെ എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; ഇവിടെ സ്പോർട്ട്സ് കോട്ടാ എത്ര ശതമാനമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത കോളേജുകളിൽ എം.ബി.എ. യ്ക്ക് സ്പോർട്ട്സ് കോട്ടാ നിലവിലില്ലെങ്കിൽ ഒരു നിശ്ചിത ശതമാനം സ്പോർട്ട്സ് കോട്ടാ സീറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സർക്കാർ കോളേജുകളിലേയും സ്വാകാര്യ എയിഡഡ് കോളേജു കളിലേയും സ്വാശ്രയ കോളേജുകളിലേയും എം.ബി.എ. കോഴ്സിന്റെ ആകെ ഫീസ് എത്ര ; പ്രത്യേകം പ്രത്യേകമായി പൂർണ്ണമായ വിവരം വിശദമാക്കുമോ ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെകീഴിൽ വരുന്ന തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലും കൊല്ലം റ്റി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗിലും കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എം.ബി.എ. കോഴ്സുകൾ ഉണ്ട്. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഫുൾടൈം എം.ബി.എ. കോഴ്സിന് 40 സീറ്റുകളും പാർട്ട്ടൈം കോഴ്സിന് 30 സീറ്റുകളും റ്റി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലത്ത് പാർട്ട് ടൈം കോഴ്സിന് 30 സീറ്റുകളാണ് ഉള്ളത്. എം.ബി.എ. കോഴ്സിന് സ്പോർട്ട്സ് കോട്ടാ നിലവിലില്ല. സ്വാശ്രയ കോളേജുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) 2011-12-ലെ പ്രവേശനം ജൂൺ, ജൂലൈ മാസങ്ങളിലാണ് നടന്നു വരുന്നത് ബേസിക് ഡിഗ്രി. യുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേ ശനം നടത്തുന്നത്. സർക്കാർ എയിഡഡ് കോളേജുകളിൽ ഒരേ മാനദണ്ഡം അനുസരിച്ചാണ് പ്രവേശനം നടത്തുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയില്ല.

(ഇ) തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ എം.ബി.എ. കോഴ്സിന് 25,000 രൂപ വെച്ച് സെമസ്റ്റർ ഫീസ് കൊടുക്കേണ്ടതും റ്റി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലത്തിലെ എം.ബി.എ. കോഴ്സിന് 17,000 രൂപ സെമസ്റ്റർ ഫീസ് നൽകേണ്ടതുമാണ്. സ്വാശ്രയ കേളേജുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി.ക്കു വിടുന്നത് സംബന്ധിച്ച ഉത്തരവുകൾ

94 (2101) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി.ക്കു വിടുന്നത് സംബന്ധിച്ച് 2010 ഡിസംബർ18-ന് മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly